**അറുതിയില്ലാത്ത ആദിവാസി ഭൂമിപ്രശ്നം, ഇനി ഇടതുസർക്കാരിനു നേരിടേണ്ടിവരുന്ന മുത്തങ്ങയേക്കാൾ തീവ്രമായ ഒരു സംഘർഷമോ ദുരന്തമോ ആയി മാറാനിടയുള്ളത് തീർച്ചയായും ആറളംഫാമിൽനിന്നായിരിക്കും. അന്തർനാടകങ്ങൾ ഏറെക്കാലമായി നടക്കുന്നു; ചൂടുപിടിച്ച വാഗ്വാദങ്ങളും. അത്യുത്പാദനശേഷിയുള്ള പലതരം വിത്തിനങ്ങൾ ഉത്പാദിപ്പിച്ചിട്ടുള്ള ഫാമാണിത്. ഇപ്പോഴിവിടത്തെ നേഴ്സറിയിൽ വിതച്ചിട്ടിരിക്കുന്നത് സംഘർഷത്തിന്റെയും ദുരന്തത്തിന്റെയും വിത്തുകളാണ്. അത് മുളച്ചുപൊങ്ങി ഒരു കലാപമായി മാറാൻ ഇനി ഒരുപക്ഷേ, ഏറെനാളൊന്നും കാത്തിരിക്കേണ്ടിവരില്ല.**

**ആറളംഫാമിൽനിന്നുള്ള അന്വേഷണരേഖ**


# ആറളംകൊണ്ടൊരു തീക്കളി

ഡോ. ജോസഫ് കെ. ജോബ്

അറുതിയില്ലാത്ത ആദിവാസി ഭൂമിപ്രശ്നം, ഇനി ഇടതുസർക്കാരിനു നേരിടേണ്ടിവരുന്ന മുത്തങ്ങയേക്കാൾ തീവ്രമായ ഒരു സംഘർഷമോ ദുരന്തമോ ആയി മാറാനിടയുള്ളത് തീർച്ചയായും ആറളംഫാമിൽനിന്നായിരിക്കും. അന്തർനാടകങ്ങൾ ഏറെക്കാലമായി നടക്കുന്നു; ചൂടുപിടിച്ച വാഗ്വാദങ്ങളും. അത്യുത്പാദനശേഷിയുള്ള പലതരം വിത്തിനങ്ങൾ ഉത്പാദിപ്പിച്ചിട്ടുള്ള ഫാമാണിത്. ഇപ്പോഴിവിടത്തെ നേഴ്സറിയിൽ വിതച്ചിട്ടിരിക്കുന്നത് സംഘർഷത്തിന്റെയും ദുരന്തത്തിന്റെയും വിത്തുകളാണ്. അത് മുളച്ചുപൊങ്ങി ഒരു കലാപമായി മാറാൻ ഇനി ഒരുപക്ഷേ, ഏറെനാളൊന്നും കാത്തിരിക്കേണ്ടിവരില്ല.

തീർച്ചയായും ആദിവാസിയുടെ ഭാഗധേയം തീരുമാനിക്കുന്നത് ആദിവാസികൾതന്നെയാണ്. സ്വന്തം അജണ്ടകൾ തീരുമാനിക്കേണ്ടതും ആദിവാസികൾ തന്നെ. എന്നാൽ, കുതന്ത്രങ്ങളും കുടിലതന്ത്രങ്ങളും പ്രയോഗിച്ച് ആദിവാസികളുടെ അവകാശസമരങ്ങളെ ദുർബലപ്പെടുത്താൻപോന്ന ശക്തികേന്ദ്രങ്ങൾ സജീവമായിരിക്കുന്നിടത്തോളം ആറളവും ആദിവാസികളുടെ മറ്റൊരു ദുരന്തഭൂമിയാവും. നിശ്ചയമായും ഒരു പൊട്ടിത്തെറിയുടെ വക്കിലാണ് ആറളം ഫാം. ആദിവാസികളെ വെച്ച് വിലപേശൽ നടത്തുന്ന രാഷ്ട്രീയക്കച്ചവടക്കാർക്ക് ആറളം പരിഹാരമില്ലാത്ത ഒരു പ്രശ്നമായി നിലനിർത്തണമെന്നുണ്ടാകാം. അവശ്യനേരത്ത് പുറത്തെടുത്ത് പൊട്ടിച്ച് അതിൽനിന്ന് രാഷ്ട്രീയലാഭത്തിന്റെ നൂറുമേനി കൊയ്യാനും ചിലപ്പോഴവർക്ക് പറ്റിയേക്കും. ചൊറിഞ്ഞു ചൊറിഞ്ഞ് ആറളം പുണ്ണാക്കണമെന്ന് ആർക്കെങ്കിലും ആഗ്രഹമുണ്ടെങ്കിൽ അതിനുള്ള സ്കോപ്പ് അവിടെ വേണ്ടുവോളമുണ്ട്.

ആറളത്തിന്റെ ചരിത്രവും വർത്തമാനവും അന്വേഷിക്കുന്നവർക്കു മുന്നിൽ തെളിഞ്ഞുകിട്ടുന്ന ദൃശ്യങ്ങൾ പലതാണ്: "സർക്കാർ സംവിധാനങ്ങളുടെ കെടുകാര്യസ്ഥതയുടെയും അഴിമതിയുടെയും പിടിപ്പുകേടിന്റെയും നാശാവശിഷ്ടമായ ആറളമാണ് ഒന്നാമത്തേത്. കേരളത്തിന്റെ കാർഷികാഭിവൃദ്ധിക്ക് ആക്കംകൂട്ടാനും കർഷകർക്ക് ദിശാബോധം നല്കാനും കഴിയുമായിരുന്നിട്ടും തകർന്നടിഞ്ഞുപോയ ഒരു വൻപദ്ധതിയുടെ സ്മാരകമായ ആറളം രണ്ടാമത്തേത്. ഇവയ്ക്കൊക്കെ മുകളിൽ, ജനാധിപത്യപരമായ അവകാശങ്ങളും നിയമസുരക്ഷയും നഷ്ടപ്പെട്ട് നിലനില്പിനുവേണ്ടി പൊരുതിനില്ക്കുന്ന ഒരു ജനതയുടെ ജീവിതംകൊണ്ട് ലാഭമുണ്ടാക്കാൻ ആഗ്രഹിക്കുന്നവരുടെ രാഷ്ട്രീയസംഘട്ടനവേദിയായ വേറെയൊരു ആറളം.



ജോസഫ് കെ. ജോബ്

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൈയൊഴിഞ്ഞതോടെ ജീവനക്കാരും തൊഴിലാളികളും വഴിയാധാരമായി. സർക്കാർ നിയന്ത്രണങ്ങളില്ലാതായതോടെ ഫാമിൽ സമ്പൂർണ്ണ അരാജകത്വമായി. പട്ടയം നേടി താമസിക്കുന്ന ആദിവാസികളും പട്ടയം ലഭിച്ചിട്ടില്ലാത്ത ആദിവാസികളും ഒരുപോലെ അരക്ഷിതാവസ്ഥയിലാണ്. ഏതു നിമിഷവും എന്തും സംഭവിക്കാം. സ്വതേ നിസ്സഹായമായ മുഖത്തോടെ ആദിവാസികൾ ഇവിടെയും.

## ഫാം: ഒരു സ്വപ്നത്തിന്റെ തകർച്ച

കേന്ദ്രകൃഷിവകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഫാം കോർപ്പറേഷൻ ഇന്ത്യ ലിമിറ്റഡിന്റെ ആറളത്തെ യൂണിറ്റാണ് ആറളം ഫാം എന്നറിയപ്പെടുന്നത്. കണ്ണൂർ, തലശ്ശേരി നഗരങ്ങളിൽനിന്ന് ഏകദേശം 60 കി. മീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഫാം 1971-ൽ യാഥാർത്ഥ്യമായി.

1969-'70 കാലത്ത്, സി. അച്യുതമേനോൻ കേരള മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് കണ്ണൂർ ജില്ലയിലെ അവികസിതമായ മലയോരപ്രദേശത്തിന്റെ സമഗ്രവികസനവും കാർഷികരംഗത്തിന്റെ അഭിവൃദ്ധിയും ലക്ഷ്യമിട്ട് കേന്ദ്രസർക്കാരിന്റെ കീഴിൽ ഇത്തരമൊരു ബൃഹദ്പദ്ധതി തുടങ്ങാൻ ആലോചിക്കുന്നത്. പരമ്പരാഗതമായ കൃഷിരീതികൾക്കു പകരമായി ജില്ലയിലും സമീപപ്രദേശങ്ങളിലും ശാസ്ത്രീയമായ കൃഷിരീതികൾ പ്രചരിപ്പിക്കുന്നതിനുള്ള പരീക്ഷണശാല എന്നുകൂടി ആറളം ഫാം വിഭാവനം ചെയ്യപ്പെട്ടിരുന്നു. ഫലഭൂയിഷ്ഠമായ

മണ്ണ്, ജലലഭ്യത, അദ്ധ്വാനശീലരായ തദ്ദേശവാസികൾ എന്നീ അനുകൂലഘടകങ്ങളും ഇവിടെ ഉണ്ടായിരുന്നു.

ഏറെ പ്രതീക്ഷകളോടെ ആരംഭിച്ചതെങ്കിലും മുരടിപ്പിന്റെ ദുഃസൂചനകൾ അത് തുടക്കംമുതലേ കാട്ടിയിരുന്നു. കേന്ദ്ര സർക്കാർ സ്ഥാപനമായിരുന്നതുകൊണ്ട് തലപ്പത്തുള്ള ഉദ്യോഗസ്ഥന്മാരെല്ലാം സംസ്ഥാനത്തിനു പുറത്തുനിന്നുള്ളവരായിരുന്നു, പ്രത്യേകിച്ച് ഉത്തരേന്ത്യക്കാർ. തൊഴിൽനിയമങ്ങളും തൊഴിൽ ബന്ധങ്ങളും സേവന വേതന വ്യവസ്ഥകളും വ്യത്യസ്തമായ കേരളത്തിലെ രീതികളുമായി പൊരുത്തപ്പെട്ടുപോകാൻ ഉദ്യോഗസ്ഥന്മാർക്കോ, ഉദ്യോഗസ്ഥന്മാരുടെ മേലാളമനോഭാവങ്ങളോട് പൊരുത്തപ്പെടാൻ തൊഴിലാളികൾക്കോ കഴിഞ്ഞില്ല. ഒട്ടേറെ തൊഴിൽപ്രശ്നങ്ങൾക്ക് ഇത് വേദിയൊരുക്കി. അതുപോലെ, വർഷത്തിൽ മൂന്നും നാലും തവണ വിളവെടുപ്പുനടക്കുന്ന ഹ്രസ്വകാല വിളവുകളുള്ള ഉത്തരേന്ത്യൻ ഫാമുകളുമായി തോട്ടവിളകൾ മാത്രം കൃഷിചെയ്യുന്ന ആറളം ഫാമിനെ താരതമ്യം ചെയ്തതും വിനയായി. തോട്ടവിളകളെ സംബന്ധിച്ചിടത്തോളം 7-10 വർഷംവരെ ആദ്യ വിളവെടുപ്പിന് കാത്തിരിക്കേണ്ടിവരും.



ഗോത്രമഹാസഭയുടെ ഒരു ആറളംകുടിൽ

ഫോട്ടോകൾ: കെ.എം. അബ്ദുൾ അസീസ്

വർഷാവർഷം ലാഭനഷ്ടക്കണക്കുകൾ ബോധിപ്പിക്കാൻ കഴിയുന്ന ഉത്തരേന്ത്യൻ ഫാമുകളിൽനിന്നു വ്യത്യസ്തമായി ഈ ഫാം, മുടക്കുമുതൽ മാത്രം സ്വീകരിക്കുകയും വരുമാനം ഇല്ലാതിരിക്കുകയും ചെയ്യുന്ന ഒരു ഫാമായി പരിഗണിക്കപ്പെട്ടു. ഫാം നഷ്ടത്തിലാണെന്ന് തുടക്കത്തിലേതന്നെ കേന്ദ്ര-സ്റ്റേറ്റ് ഫാം കോർപ്പറേഷൻ വിധിയെഴുതി. അതോടെ മുടക്കുമുതലിന്റെ വരവ് നിലച്ചുതുടങ്ങുകയും വളർന്നുവരുന്ന വിളകൾ വേണ്ടവിധം പരിപാലിക്കാൻ കഴിയാതെ പോവുകയും ചെയ്തു. തോട്ടവിള കൃഷി ചെയ്യുന്ന ഒരു ഫാം എങ്ങനെ പ്രവർത്തിക്കുമെന്ന് ദീർഘദർശനം ചെയ്യാനോ ശാസ്ത്രീയമായി പഠിക്കാനോ കഴിയാതിരുന്നതാണ് ഇത്തരം ദുർഗതി വരാൻ പ്രധാന കാരണം. വർഷങ്ങൾ കഴിഞ്ഞ് കാർഷികാദായം കിട്ടിത്തുടങ്ങിയപ്പോഴാകട്ടെ വരുമാനം മുഴുവൻ മുടക്കുമുതലിന്റെ പലിശയിനത്തിൽ കണക്കു കൂട്ടി. അങ്ങനെ ലാഭം വട്ടപ്പൂജ്യമായി (2003 ആകുമ്പോഴേക്ക് ഫാമിന്റെ നഷ്ടം 12.28 കോടി രൂപയാണ്). ഏറെ താമസിയാതെ നഷ്ടം വരുത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടികയിൽ ആറളം ഫാമും ഇടം കണ്ടെത്തി.

പ്രതികൂലമായ ഒട്ടേറെ സാഹചര്യങ്ങളുണ്ടായിരുന്നിട്ടും ഫാം തീർത്തും പ്രയോജനരഹിതമായിരുന്നുവെന്നോ ആർക്കും ആ സ്ഥാപനംകൊണ്ട് ഗുണമുണ്ടായില്ലെന്നോ പറയാനാകില്ല. സ്ഥാപിക്കപ്പെടുന്ന സമയത്ത് പ്രതീക്ഷിച്ചത്രയും നേട്ടങ്ങളുണ്ടാക്കാനായില്ലെങ്കിലും, ആറളം ഫാം മലയോരപ്രദേശത്തിന്റെ വികസനത്തെ സാരമായി സഹായിച്ചിട്ടുണ്ട്. സ്ഥിരമായോ കരാറടിസ്ഥാനത്തിലോ നാലായിരത്തിൽ പരം പേർക്ക് പ്രത്യക്ഷമായ തൊഴിൽ നല്കാൻ ഒരു ഘട്ടത്തിൽ ഫാമിനു കഴിഞ്ഞിട്ടുണ്ട്. കന്നുകാലിവളർത്തലിലൂടെ ഉപജീവനം കണ്ടെത്തുന്ന കർഷകർ തീറ്റപ്പുല്ല് ശേഖരിച്ചിരുന്നത് പ്രധാനമായും ഫാമിൽനിന്നായിരുന്നു. മലയോരമേഖലയിലെ പ്രധാന കാർഷിക ഉത്പന്നമായ കശുവണ്ടിക്ക് ന്യായവില ലഭിക്കുന്നതിന് ഫാമിലെ കശുവണ്ടിയുടെ വിപണനം ചെലുത്തിയ സ്വാധീനം വലുതാണ്. അത്യുത്പാദനശേഷിയുള്ള നടീൽവസ്തുക്കൾക്ക്, പ്രത്യേകിച്ച് വിവിധയിനം ഗ്രാഫ്റ്റ് തൈകൾക്ക് ആറളം ഫാമിനോളം ആശ്രയിക്കാവുന്ന വേറൊരു സ്ഥാപനം കേരളത്തിലുണ്ടായിട്ടില്ല. ആറളത്തിന്റെ സേവനങ്ങൾ നന്ദിയോടെ ഓർക്കുന്നവരാണ് സമീപവാസികൾ മിക്കവരും.

പ്രദേശത്തിന്റെ വികസനത്തിന് ഒട്ടേറെ

നേട്ടങ്ങളുണ്ടാക്കിയെങ്കിലും ഫാമിന്റെ ബാലൻസ്ഷീറ്റ് വെറും കണക്കിലെ കളിയായിരുന്നു. ഉത്തരേന്ത്യൻ ലോബിക്ക് ഈ സ്ഥാപനം എങ്ങനെയും കൈയൊഴിയണമെന്നേ ഉണ്ടായിരുന്നുള്ളൂ. 1996-ൽ വാജ്പേയ് മന്ത്രിസഭ കേരളത്തിൽ അധികാരത്തിലിരിക്കുന്ന സമയത്ത്, നഷ്ടത്തിലോടുന്ന പൊതുമേഖലാസ്ഥാപനങ്ങൾ വിറ്റഴിക്കാൻ ആലോചിച്ചപ്പോൾ ആറളത്തെയും അതിന്റെ ലിസ്റ്റിൽപ്പെടുത്തി. അന്ന് നായനാർ മന്ത്രിസഭയിൽ കൃഷിമന്ത്രിയായിരുന്ന വി.കെ. രാജൻ, കേന്ദ്രസർക്കാർ ആറളം ഫാം വിട്ടുതരികയാണെങ്കിൽ കേരള സർക്കാരിന് ഏറ്റെടുത്ത് നടത്താനാകുമെന്ന് കേന്ദ്രത്തെ അറിയിച്ചിരുന്നു. വലിയ ചലനങ്ങളൊന്നുമില്ലാതെ ആ അഭിപ്രായമങ്ങനെ കിടന്നു. 2001-ൽ എ.കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് ഫാം വിട്ടുകിട്ടുവാനുള്ള ശ്രമങ്ങൾ ത്വരിതപ്പെടുന്നത്. ഒടുവിൽ 2004-ൽ കണ്ണൂർ, വയനാട് ജില്ലകളിലെ ഭൂരഹിതരായ ആദിവാസികളുടെ പുനരധിവാസത്തിനുവേണ്ടി ആദിവാസി ഉപപദ്ധതിയിൽനിന്ന് 42.09 കോടി രൂപ നല്കിയാണ് ആറളം ഫാം സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത്. 2004-ൽ 180 കോടി രൂപ വിലമതിക്കുമായിരുന്ന ഭൂമിയാണ് വളരെ കുറഞ്ഞ നിരക്കിൽ കേരള സർക്കാരിന് ലഭിക്കുന്നത്. അന്ന് ഭരണത്തിലിരുന്ന യു.ഡി.എഫ്. സർക്കാർ, ഫാമിന്റെ പകുതിഭാഗം നിലനിർത്താനും ബാക്കി പകുതി ആദിവാസി പുനരധിവാസത്തിന് നല്കാനുമാണ് ആദ്യം തീരുമാനിച്ചത്. അതേ സർക്കാർതന്നെ ഫാമിന്റെ ഒരു ഭാഗം കമ്പനിയായി നിലനിർത്തി ആദിവാസികളിൽ ചിലർക്ക് ജോലി നല്കാനും ഉദ്ദേശിച്ചിരുന്നു. നിർദ്ദിഷ്ട കമ്പനി സർക്കാർ നേരിട്ട് നടത്തണമോ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തണമോ എന്ന തർക്കം ഇപ്പോഴും ബാക്കിനില്ക്കുന്നു.

> **ആറളത്തെ ഭൂമി തങ്ങളുടെ പൂർവികർ താമസിച്ചിരുന്ന വനമായിരുന്നു എന്ന് ആദിവാസികൾ അവകാശപ്പെടുന്നുണ്ട്. അതുകൊണ്ടാണ് 'എങ്കള ഭൂമി എങ്കളുക്ക്' എന്ന മുദ്രാവാക്യമുയർത്തി ഗോത്രമഹാസഭ ആറളം തങ്ങൾക്കു വിട്ടുകിട്ടണമെന്ന് ഇപ്പോഴും വാദിക്കുന്നത്. വർഷങ്ങൾക്കു മുമ്പ് ആറളം വനഭൂമിയിൽനിന്ന് പുറത്താക്കപ്പെട്ടവരും ആറളത്തിനരികിലെ മറ്റ് ഭൂമികളിലേക്ക് മാറി താമസിക്കേണ്ടിവന്നവരുമാണ് തങ്ങളെന്ന് ആദിവാസി സംഘടനകൾ ആവർത്തിച്ച് പറയുന്നുണ്ട്.**

2004 ജൂൺ 21-ാം തീയതി, ആദിവാസി പുനരധിവാസത്തിനുവേണ്ടി ഫാം ഏറ്റെടുക്കുമ്പോൾ ഫാമിന്റെ മൊത്തം 7500 ഏക്കറും ആദിവാസികൾക്കുതന്നെ നല്കാമെന്ന് ആലോചിച്ചിരുന്നതാണ്. എന്നാൽ ഫാം തീർത്തും ഇല്ലാതാകുന്നപക്ഷം ആയിരത്തിൽപരം സ്ഥിരജീവനക്കാരും അവരുടെ കുടുംബാംഗങ്ങളും വഴിയാധാരമാകേണ്ടിവരുന്നതും കർഷകർക്കും, കാർഷികമേഖലയ്ക്കും ഫാം നല്കിവരുന്ന സംഭാവന പൂർണ്ണമായി നിലയ്ക്കുന്നതു മൂലമുണ്ടാകുന്ന അവസ്ഥ, സമീപപഞ്ചായത്തുകളിലെ നൂറുകണക്കിന് ആദിവാസികളുൾപ്പെടെയുള്ളവർക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം എന്നീ സാമൂഹികപ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ബഹുജനാഭിപ്രായം ഉയർന്നുവന്ന സാഹചര്യത്തിൽ ഫാമിന്റെ പകുതിമാത്രം ആദിവാസികൾക്കു വിതരണം ചെയ്താൽ മതിയെന്നും ബാക്കി പകുതി ഫാമായി നിലനിർത്താനും ധാരണയായി. പതിമൂന്ന് ബ്ലോക്കുകളുള്ള ഫാമിലെ കിഴക്കുഭാഗത്തെ ഏഴുമുതൽ 13 വരെയുള്ള ബ്ലോക്കുകൾ പുനരധിവാസത്തിന് ഉപയോഗിക്കാമെന്ന് പിന്നീട് വ്യവസ്ഥ ചെയ്യുകയും ചെയ്തു.

കേന്ദ്രസർക്കാരിൽനിന്ന് വിട്ടുകിട്ടിയ ഫാം സംസ്ഥാന സർക്കാരിന്റെ ഏതു വകുപ്പിനു കീഴിലാണ് വരുന്നതെന്നോ അതിന്റെ ഘടന എങ്ങനെയായിരിക്കണമെന്നോ യാതൊരു തീരുമാനവുമുണ്ടായില്ല. ചുരുക്കത്തിൽ കേന്ദ്രസർക്കാർ കൈവിടുകയും സംസ്ഥാന സർക്കാർ ഫാമിന്റെ ഭരണം ഏറ്റെടുക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ഫാമിൽ ഒരുതരം അരക്ഷിതാവസ്ഥ നിലനിൽക്കുകയും സ്ഥാപനം നാഥനില്ലാക്കളരിയായി മാറുകയും ചെയ്തു. ജീവനക്കാരിൽ ബഹുഭൂരിപക്ഷം പേരും സ്വയം വിരമിക്കൽ പദ്ധതിയനുസരിച്ച് പിരിഞ്ഞുപോയി. 1500 പേർ സ്ഥിരതൊഴിലാളികളായി ഉണ്ടായിരുന്നിടത്ത് 374 പേരും, 250 ജീവനക്കാരുണ്ടായിരുന്നിടത്ത് 76 പേരും മാത്രമാണ് ഫാമിൽ അവശേഷിക്കുന്നത്. അവരുടെ ജോലിക്കോ ശമ്പളത്തിനോ ഒന്നും യാതൊരു വ്യവസ്ഥകളും ഇപ്പോഴില്ല. ആരും ചോദിക്കാനും പറയാനുമില്ലാത്ത കുത്തഴിഞ്ഞ ഒരു പ്രസ്ഥാനമാണ് ആറളം ഫാമിന്ന്. ബാക്കി നില്ക്കുന്ന ജീവനക്കാർകൂടി വി.ആർ.എസ്. തരപ്പെടുത്താനുള്ള ശ്രമത്തിലാണ്. പരിപൂർണ്ണമായും ശിഥിലമായിപ്പോയ ഒരു വലിയ വികസനസ്വപ്നമായിരുന്നു ആറളം ഫാമെന്ന് ഇനി നിസ്സംശയം വിധിയെഴുതാം.

### ആറളം ഫാമും ആദിവാസികളും

ആദിവാസികൾക്ക് വിതരണം ചെയ്യാനായി, കേരളസർക്കാർ ആറളം ഏറ്റെടുക്കുന്ന 2004-ൽ തുടങ്ങിയതല്ല ഫാമും ആദിവാസികളും തമ്മിലുള്ള ബന്ധം. 37 വർഷങ്ങൾക്കുമുമ്പ് ഇന്നത്തെ ഫാമിന്റെ ഭൂമി തീർത്തും വനമായിരുന്നു. ഫാമിനുവേണ്ടി കണ്ടെത്തിയ 12,500 ഏക്കർ ഭൂമി ഏതാണ്ട് മുഴുവനായും വൻകിട ഭൂവുടമയായ എ.കെ. കുഞ്ഞിമായൻ ഹാജിയുടെ കൈവശത്തിലുള്ളതായിരുന്നു. അന്ന്, കേന്ദ്രസർക്കാർ ഭൂമി അക്വയർ ചെയ്യുന്നത് 19 ലക്ഷം രൂപ മാത്രം മുടക്കിയാണ്. മൊത്തം വനഭൂമിയിൽ 7500 ഏക്കർ മാത്രമേ ഫാം തുടങ്ങാൻ വിട്ടുകൊടുത്തിരുന്നുള്ളൂ. ബാക്കി 5000 ഏക്കർ സംരക്ഷിതവനമായി നിലനിർത്തി. പിന്നീടത് 1984-ൽ 'ആറളം വന്യജീവി സങ്കേതമായി' വികസിപ്പിക്കുകയും ചെയ്തു.

ആറളത്തെ ഭൂമി തങ്ങളുടെ പൂർവികർ താമസിച്ചിരുന്ന വനമായിരുന്നു എന്ന് ആദിവാസികൾ അവകാശപ്പെടുന്നുണ്ട്. അതുകൊണ്ടാണ് 'എങ്കള ഭൂമി എങ്കളുക്ക്' എന്ന മുദ്രാവാക്യമുയർത്തി ഗോത്രമഹാസഭ ആറളം തങ്ങൾക്കു വിട്ടുകിട്ടണമെന്ന് ഇപ്പോഴും വാദിക്കുന്നത്. വർഷങ്ങൾക്കു മുമ്പ് ആറളം വനഭൂമിയിൽനിന്ന് പുറത്താക്കപ്പെട്ടവരും ആറളത്തിനരികിലെ മറ്റ് ഭൂമികളിലേക്ക് മാറി താമസിക്കേണ്ടിവന്നവരുമാണ് തങ്ങളെന്ന് ആദിവാസി സംഘടനകൾ ആവർത്തിച്ച് പറയുന്നുണ്ട്. (കരാറുണ്ടാക്കിയശേഷം ഒരു വർഷത്തിനുള്ളിൽ ആറളം ഫാമിലെ കൈതക്കൊല്ലിയിൽ സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ ഗോത്രപൂജയും നടത്തിയിരുന്നു). 1969–'70 കാലത്ത് ഫാമിനുവേണ്ടി ഭൂമി ഏറ്റെടുത്തു തുടങ്ങിയ സമയത്ത് അവിടെ താമസിച്ചുകൊണ്ടിരുന്ന ആദിവാസികൾ ഉൾപ്പെടെയുള്ളവരെ ഫാമിന് പുറത്ത് അനുയോജ്യമായ ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കാനുള്ള ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുത്തിരുന്നു. അതിനായി ആലോചനകൾ ഏറെ നടന്നിരുന്നെങ്കിലും മുപ്പതിൽ താഴെ കുറിച്യകുടുംബങ്ങളെ 'വിയറ്റ്നാം' എന്ന സ്ഥലത്ത് പുനരധിവസിപ്പിച്ചിട്ടുണ്ട് എന്നല്ലാതെ മറ്റൊരു പുനരധിവാസപ്രവർത്തനവും ഇവിടെ നടന്നിട്ടില്ല. പണിയവിഭാഗത്തിൽപ്പെട്ട ആദിവാസികളെ ഫാമിനുപുറത്ത് പുനരധിവസിപ്പിക്കാനുള്ള ശ്രമങ്ങളുണ്ടായിരുന്നെങ്കിലും അത് വിജയിച്ചില്ല. ഫാം

ആദിവാസി പുനരധിവാസത്തിന് വിട്ടു കിട്ടണമെന്ന് 2001 മുതൽക്കാണ് ആദിവാസി സംഘടനകൾ ആവശ്യപ്പെട്ടു തുടങ്ങിയത്. ഫാമിന്റെ സ്ഥാപനകാലത്ത് പുനരധിവസിപ്പിക്കാൻ കഴിയാതെ പോയതും ഫാമിനുള്ളിൽതന്നെ ഭൂരഹിതമായി കഴിയുന്നവരുമായ നൂറോളം പണിയ വിഭാഗക്കാരായ ആദിവാസി കുടുംബങ്ങളുടെ പ്രശ്നമുയർത്തിയാണ് അന്ന് ഗോത്രമഹാസഭ ആറളത്തിനുവേണ്ടി ശക്തിയുക്തം അവകാശവാദമുന്നയിച്ചത്.

2001 ഒക്ടോബറിൽ, ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റ് പടിക്കൽ കുടിൽകെട്ടി നടത്തിയ സമരത്തിനൊടുവിൽ, അന്നത്തെ മുഖ്യമന്ത്രി എ.കെ. ആന്റണിയും ഗോത്രമഹാസഭാ നേതാവ് സി.കെ. ജാനുവും കൂടി ഒപ്പിട്ട ഒത്തുതീർപ്പുവ്യവസ്ഥപ്രകാരം ഭൂരഹിതരായ ആദിവാസികൾക്ക് ഒന്നുമുതൽ അഞ്ച് ഏക്കർ വരെ ഭൂമി നല്കുമെന്ന് വ്യവസ്ഥയുണ്ടായി. ഭൂമിയിൽ കൃഷി ചെയ്ത് സ്വന്തമായി ജീവിക്കാനാവുന്നതുവരെ അഞ്ചു വർഷത്തേക്ക് ഉപജീവനപ്പടി ലഭിക്കും, സുപ്രീം കോടതി വിധിയനുസരിച്ച് നഷ്ടപ്പെട്ട ഭൂമി വീണ്ടെടുത്തു കൊടുക്കും തുടങ്ങിയ വ്യവസ്ഥകളും അതോടൊപ്പം ഉണ്ടായിരുന്നു. 2002 ഒക്ടോബറിൽ സി.കെ. ജാനുവിന്റെ നേതൃത്വത്തിലുള്ള ആദിവാസി ഗോത്രമഹാസഭ, ആറളം ഫാമിൽ നടത്തിയ ഒരു കൺവെൻഷനിൽ രണ്ടുമാസത്തിനകം ആറളം ഫാം ആദിവാസികൾ കൈയേറുമെന്ന് പ്രഖ്യാപിച്ചിരുന്നു. 2002 ഡിസംബർ മാസത്തിൽതന്നെ ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ ഫാംഭൂമിയിൽ ആദിവാസികൾ കൂട്ടത്തോടെ കടന്ന് കുടിൽകെട്ടി താമസിക്കാനാരംഭിച്ചു. ആ ഘട്ടത്തിൽ ഫാമിൽനിന്ന് ആദിവാസികളെ അടിയന്തരമായി ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഫാമിലെ ജീവനക്കാർ സർക്കാരിനോട് ആവശ്യപ്പെടുന്നുണ്ട്. ഫാം നഷ്ടപ്പെടുത്താതിരിക്കാൻ കേരള എം.പി. മാരുടെ നേതൃത്വത്തിൽ പലരും കേന്ദ്രകൃഷിമന്ത്രിയെയും സന്ദർശിച്ചിരുന്നു. മുത്തങ്ങയിലെ കുടിൽകെട്ടിസമരത്തിന് ഒടുവിൽ ആന്റണി സർക്കാർ നല്കിയ വാഗ്ദാനങ്ങൾ പാലിക്കാത്ത സാഹചര്യത്തിലാണ് 2003-ൽ മുത്തങ്ങ വനഭൂമി കൈയേറാൻ ശ്രമിച്ചതും തുടർന്നുണ്ടായ സംഭവങ്ങൾ അരങ്ങേറിയതും.

ഫാമിന്റെ 37 വർഷത്തെ പ്രവർത്തനം കൊണ്ട് പരമാവധി ഗുണമുണ്ടായിട്ടുള്ളത് ഇവിടത്തെ ആദിവാസികൾക്കു തന്നെയാണെന്ന് ജീവനക്കാരുടെ സംഘടനകൾ പറയുന്നു. സ്ഥിരമായി ജോലി ചെയ്യാൻ തയ്യാറുള്ള ആദിവാസികളായ തൊഴിലാളികൾക്ക് ജോലി സംരക്ഷണവും ആദിവാസികൾക്ക് നിയമനങ്ങളിൽ മുൻഗണനയും ഉണ്ടായിരുന്നുവത്രേ. ഇപ്പോഴാകട്ടെ കരാറടിസ്ഥാനത്തിൽ ഒട്ടേറെ ആദിവാസികൾ ഇവിടെ പണിയെടുക്കുന്നുണ്ട്. ആറളം ഭൂമിയുടെ മേലുള്ള ആദിവാസികളുടെ അവകാശവാദം നിലനില്ക്കുന്നതാണെങ്കിലും അല്ലെങ്കിലും 2004-ലെ കരാറോടെ ആറളം ഭൂമിയുടെ മേൽ ആദിവാസികൾക്ക് അവകാശമുണ്ട്. കാരണം ആദിവാസി ക്ഷേമപ്രവർത്തനങ്ങൾക്ക് നീക്കിവച്ച 42.09 കോടി രൂപ മുടക്കിയാണ് ആറളം ഫാം കേരള സർക്കാർ വാങ്ങിയത്. ആ നിലയ്ക്ക് ഭൂമി പൂർണ്ണമായി ആദിവാസി പുനരധിവാസത്തിനുവേണ്ടി വിതരണം ചെയ്യണമെന്ന ചില ആദിവാസി സംഘടനകളുടെ ആവശ്യവും പൂർണ്ണമായി തള്ളിക്കളയാനാകില്ല. എന്നാൽ, ആറളം ഭൂമി മുഴുവൻ ആദിവാസികൾക്ക് വിട്ടുകൊടുത്താൽ അത് ആദിവാസികൾക്ക് ഗുണകരമാകില്ല എന്നാണ് ആദിവാസി ക്ഷേമസമിതി അഭിപ്രായപ്പെടുന്നത്. ആറളം ഭൂമി മുഴുവനായി ആദിവാസികൾക്കു നല്കിയാൽ മുമ്പ് ആദിവാസികളെ പുനരധിവസിപ്പിക്കാൻ ഉണ്ടാക്കിയ വൻപദ്ധതികളുടെ ഗതി ആറളത്തിനുമുണ്ടാകുമെന്ന് വടക്കേ വയനാട് എം.എൽ.എ.യും ആദിവാസി ക്ഷേമ സമിതി സംസ്ഥാന സെക്രട്ടറിയുമായ കെ.സി. കുഞ്ഞിരാമൻ പറയുന്നു.



ആറളം ഫാം: പ്രവേശനകവാടം

**മണ്ണിനുവേണ്ടിയുള്ള പോരാട്ടങ്ങൾ എന്ന തുടർക്കഥ**

ആദിവാസികളുടെ, ഭൂമിക്കുവേണ്ടിയുള്ള അവകാശസമരങ്ങൾക്ക് പാശ്ചാത്യാധിനിവേശ കാലത്തോളമെങ്കിലും പഴക്കമുണ്ട്. 1778-നും 1947-നും ഇടയിൽ ഇന്ത്യൻ ഭൂപ്രദേശത്ത് പലയിടത്തുമായി 95 ആദിവാസി കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട് എന്ന് കെ. പാനൂർ നിരീക്ഷിക്കുന്നു. അവയിൽ മിക്കതും ഭൂപ്രശ്നങ്ങളുടെ സ്ഫോടനങ്ങളായിരുന്നു എന്നും വിലയിരുത്തപ്പെട്ടിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ആദിവാസി ഭൂമിപ്രശ്നങ്ങൾ കൂടിയതല്ലാതെ ഒട്ടും കുറഞ്ഞിട്ടില്ല. ചൂഷണത്തിന്റെയും നീതിനിഷേധത്തിന്റെയും ആറു ദശാബ്ദങ്ങൾകൂടി കടന്നുപോയി എന്നല്ലാതെ മാറിമാറി വന്ന സർക്കാരുകൾക്കൊന്നും ആദിവാസികളുടെ ജീവിതം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ആദിവാസി ഭൂമിപ്രശ്നത്തിൽ, കേരളത്തിൽ സർക്കാർ തലത്തിൽ രണ്ടു നടപടികൾ ഇതുവരെ ഉണ്ടായിട്ടുണ്ട്. ഒന്ന് 1975-ലെ ആദിവാസി ഭൂനിയമവും മറ്റൊന്ന് 1996-ൽ അതിനുണ്ടാക്കിയ ഭേദഗതിബില്ലും. ആദിവാസികളുടെ ഭൂമി മറ്റാർക്കും വിലയ്ക്കു വാങ്ങാനോ കൈവശപ്പെടുത്താനോ അനുവാദമില്ലെന്നും 1960 മുതൽ ഇപ്രകാരം മറ്റുള്ളവരുടെ കൈവശത്തിലായ ഭൂമി തിരിച്ച് ആദിവാസികൾക്ക് നല്കണമെന്നും അനുശാസിക്കുന്ന 75 നിയമം അതിശക്തമായ ഒരു നിയമമായിരുന്നു. ആരും ആ നിയമമെടുത്ത് പ്രയോഗിക്കാൻ തയ്യാറാകാതിരുന്നതോടെ അത് വെറുമൊരു കടലാസുപുലിയായി കിടന്നു. 1982-ന്റെ മുൻകാലപ്രാബല്യത്തോടെ 1986 ജനുവരിയിലാണ് നിയമം പ്രാബല്യത്തിൽ വരുന്നത്. ആദിവാസികളും അവരുടെ ഭൂമി കൈവശപ്പെടുത്തിയ കുടിയേറ്റക്കാരും തമ്മിൽ സംഘർഷങ്ങൾക്ക് വഴിവയ്ക്കാൻ മാത്രമേ ഈ നിയമം സഹായിക്കൂ എന്നു മനസ്സിലാക്കിയിട്ടാകണം നിയമത്തെ മരവിപ്പിച്ചും സൂക്ഷിക്കാൻ ഭരണകർത്താക്കൾ ഉത്സാഹിച്ചു.

1996-ൽ അന്നത്തെ റവന്യൂമന്ത്രിയായ കെ.ഇ. ഇസ്മായിൽ ഈ നിയമം പൊടിതട്ടിയെടുത്ത് അതിനൊരു ഭേദഗതി കൊണ്ടുവന്നു. ആദിവാസികളുടെ അന്യാധീനപ്പെട്ടുപോയ ഭൂമിക്കു പകരം അത്രയും ഭൂമി വേറെ കൊടുക്കാം എന്നതായിരുന്നു ഭേദഗതിബില്ലിലെ കാതലായ ഭാഗം. ആദിവാസികളുടെ ജീവിതത്തനിമ നിലനിർത്തുന്നതിന് ഉചിതമമായ ഭൂമി പകരം കണ്ടെത്തി അതിൽ അവരെ പുനരധിവസിപ്പിക്കണമെന്നും ബില്ല് നിർദ്ദേശിക്കുന്നുണ്ട്. അതോടൊപ്പം വീടുവയ്ക്കാൻ ഓരോ ആദിവാസിക്കും 25,000 രൂപ വീതം നല്കാനും പുതിയ കോളനികളിൽ റോഡ്, കുടിവെള്ളപദ്ധതി, വൈദ്യുതി, സ്കൂൾ തുടങ്ങിയവ നിർമ്മിച്ചുനല്കുമെന്നും ബില്ലിൽ വ്യവസ്ഥ ചെയ്തിരുന്നു. 1975-ലെ ആദിവാസി ഭൂനിയമത്തിനു ഭേദഗതി കൊണ്ടുവന്നത് ഇവിടത്തെ കുടിയേറ്റക്കാരെ സംരക്ഷിക്കാൻ മാത്രം ഉദ്ദേശിച്ചുള്ളതാണെന്ന് അന്നേ വിമർശനം ഉയർന്നിരുന്നു. തങ്ങൾക്ക് അർഹതപ്പെട്ടത് നിഷേധിക്കാനാണിതെന്ന് ആദിവാസി നേതാക്കൾ പറയുകയും ചെയ്തിരുന്നു. ആദിവാസികളുടെ ഭൂമി വൻതോതിൽ അന്യാധീനപ്പെടുന്നത് അറുപതുകളിലും എഴുപതുകളിലുമാണ്. വിവിധ തരത്തിലാണ് ആദിവാസികൾക്ക് ഭൂമി നഷ്ടപ്പെടുന്നത്: നിസ്സാര വിലയ്ക്ക് വിറ്റവ, ചൂണ്ടിപ്പണയം എന്ന പേരിൽ പണയത്തിനെടുത്ത വസ്തു പിൽക്കാലത്ത് അന്യാധീനപ്പെട്ടുപോയത്, പാട്ടത്തിനു കൊടുത്ത് ഒടുവിൽ പാട്ടക്കാരന്റെ കൈവശമായവ, ആദിവാസികളെ ബലമായി കുടിയൊഴിപ്പിച്ച് കൈയേറിയവ ഇങ്ങനെ പല രീതികളിൽ. ഭൂമി നഷ്ടപ്പെട്ടതെങ്ങനെ എന്ന് സൂക്ഷ്മമായി അപഗ്രഥിച്ച് നീതിബോധത്തോടെ അനന്തരനടപടികൾ കൈക്കൊള്ളേണ്ടതിനു പകരം ഒറ്റയടിക്ക് കുടിയേറ്റക്കാർക്ക് പൊതുമാപ്പു നല്കുന്നതിലാണ് ബില്ല് ഊന്നൽ കൊടുത്തത്. ആദിവാസികൾക്കുവേണ്ടി ശബ്ദിക്കുന്ന ശക്തമായ സംഘടനകളില്ലാതിരുന്നതും രാഷ്ട്രീയ പാർട്ടികൾക്ക് ആദിവാസികൾ വോട്ടുബാങ്കുകളല്ലാതിരുന്നതിനാലും ഇത്തരമൊരു ബിൽ പാസാക്കപ്പെട്ടു എന്ന് അക്കാലത്ത് വിമർശനമുണ്ടായിരുന്നു. ബില്ലിലെ പ്രധാനപ്പെട്ട വ്യവസ്ഥകളിലൊന്നായ അന്യാധീനപ്പെട്ട ഭൂമിക്കു പകരം ഭൂമി കണ്ടെത്തുക എന്ന കാര്യമാകട്ടെ കാര്യക്ഷമമമായി നടപ്പിലാക്കാനുമായില്ല. അന്യാധീനപ്പെട്ട ഭൂമി എത്രയെന്നതിനെപ്പറ്റി വ്യക്തവും കൃത്യവുമായ കണക്കെടുക്കാനും സർക്കാരിനു കഴിഞ്ഞില്ല. അനുയോജ്യവും ഗുണകരവുമായ ഭൂമി കണ്ടെത്തുന്ന കാര്യത്തിലും കാര്യമായ പുരോഗതിയുണ്ടായില്ല. അന്യാധീനപ്പെട്ട ഭൂമിയെപ്പറ്റി അന്നത്തെ സർക്കാരുണ്ടാക്കിയ കണക്കും സർക്കാരിന്റെ മറ്റൊരു ഏജൻസിയായ ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കും വ്യത്യസ്തമായിരുന്നു. സർക്കാർ കണക്കുപ്രകാരം കേരളത്തിൽ മൊത്തം നഷ്ടപ്പെട്ടത് 7967 ഏക്കർ സ്ഥലമാണ്. ഏജൻസിയുടെ കണക്കുപ്രകാരം അന്ന് അട്ടപ്പാടിയിൽ മാത്രം 16,106 ഏക്കർ ഭൂമിയും വയനാട്ടിൽ 25,000 ലധികം ഏക്കറും ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്. ഒന്നും തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല, വിവിധ കാലഘട്ടങ്ങളിൽ ആരംഭിച്ചതും നടപ്പിൽ വരുത്താൻ ലക്ഷ്യമിട്ടതുമായ പുനരധിവാസപദ്ധതികളും തീർത്തും പരാജയപ്പെട്ട കാഴ്ചയാണ് നമുക്ക് മുന്നിലുള്ളത്. 1957-ലെ ഇ.എം.എസ്. സർക്കാരിന്റെ കാലഘട്ടത്തിൽ ആരംഭിച്ച ചീങ്ങേനി പദ്ധതി മുതലുള്ള എല്ലാ പുനരധിവാസപദ്ധതികളും (സുഗന്ധഗിരി, പൂക്കോട് ലേക്ക് പദ്ധതി, പ്രിയദർശിനി പദ്ധതി, വനറാണി പദ്ധതി, വനലക്ഷ്മി പദ്ധതി, വട്ടച്ചിറ പദ്ധതി മുതലായവ) ആദിവാസിക്ഷേമത്തിനുവേണ്ടി തുടങ്ങിയതാണെങ്കിലും സർക്കാർ സംവിധാനങ്ങളുപയോഗിച്ച് ആദിവാസികളെ ചൂഷണം ചെയ്യുന്നതിനുള്ള ഏർപ്പാടുകളായി മാറുകയും ആദിവാസി ഫണ്ട് കവർന്നെടുക്കുന്ന ഒരു ചൂഷകവൃന്ദം തടിച്ചുകൊഴുക്കുന്നതിന് ഇടയാവുകയും ചെയ്യുന്നുണ്ട്. ഇത്തരം പ്രോജക്ടുകൾ മുഴുവൻ പിരിച്ചുവിട്ടാൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ 82,000 ഏക്കർ ഭൂമി ആദിവാസികൾക്ക് ആ മേഖലയിൽ പട്ടയം കൊടുക്കാൻ പറ്റുമായിരുന്നു. അതിൻപ്രകാരം ഒന്നാംഘട്ടമായി സുഗന്ധഗിരി പൂക്കോട്ട്, വട്ടച്ചിറ പദ്ധതികൾ പിരിച്ചുവിടാൻ തീരുമാനമെടുക്കുകയും ചെയ്തിരുന്നു. കരാറുകാരും ഇടനിലക്കാരുമടങ്ങുന്ന ചൂഷകമാഫിയ ഇതിനെ എതിർക്കുകയും ചെയ്തിട്ടുണ്ട്. ഒടുവിൽ പ്രോജക്ട് സ്ഥലങ്ങൾ ആദിവാസികൾക്ക് കൊടുക്കാൻ തുടങ്ങുമ്പോൾ അത്തരം നീക്കങ്ങളെ തുരങ്കം വയ്ക്കാനും അവർ മുൻപന്തിയിലുണ്ട്. ഇടതുപക്ഷ പാർട്ടികളുടെ അനുഗ്രഹാശിസ്സുകളോടെയാണ് ചൂഷകമാഫിയ പ്രവർത്തിക്കുന്നതെന്ന് ആദിവാസി ഗോത്രമഹാസഭയുടെ നേതാക്കൾ ആരോപിക്കുന്നു.



സി.കെ. ജാനു

ആദിവാസി ഭൂമിപ്രശ്നം ഇന്ന് എത്തിനില്ക്കുന്ന പ്രതിസന്ധിഘട്ടത്തെയാണ് ആറളം അടയാളപ്പെടുത്തുന്നത്. ആറളത്തെ പകുതി ഭൂമി ഫാമായി നിലനിർത്തിയാൽ ആദിവാസികൾക്ക് ഉപജീവനത്തിനുള്ള മാർഗ്ഗം കണ്ടെത്താൻ കഴിയുമെന്ന വിശ്വാസത്തെ ആശങ്കകളോടെയാണ് പല ആദിവാസി നേതാക്കളും കാണുന്നത്. പിരിച്ചുവിട്ട പ്രോജക്ടുകളുടെ മാതൃകയിലുള്ള ആറളം പദ്ധതി കൊണ്ട് ആർക്കാവും ഗുണമുണ്ടാവുക? സംശയങ്ങൾ അസ്ഥാനത്തല്ല.

### ആറളം—കരാറിനുശേഷം

2004 ജൂണിൽ ആറളം ഭൂമി കേരള സർക്കാർ ഏറ്റെടുത്തതിനുശേഷമാണ് ഇത് പ്രശ്നഭൂമിയായി മാറുന്നത്. പുനരധിവാസത്തിനുവേണ്ട സ്ഥലങ്ങൾ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ, അർഹരായ ആദിവാസികളെ കണ്ടെത്തൽ, അർഹരായവർക്ക് ഭൂമി വിതരണം ചെയ്യൽ എന്നിവ തികച്ചും ക്ലേശകരമായിരുന്നു. അതിനുവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പ് അഡി. സെക്രട്ടറിയായി വിരമിച്ച എഡ്വിനാ ലോപസ് സ്പെഷ്യൽ ഓഫീസറായി നിയമിക്കപ്പെട്ടു. അവർ ഫാമിലെത്തി സ്ഥലം പരിശോധിച്ച് മാർക്കു ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫാമിന്റെ 7, 9, 10, 11, 12, 13 എന്നീ ബ്ലോക്കുകൾ ഉൾക്കൊള്ളുന്ന ഭാഗം പുനരധിവാസത്തിനുവേണ്ടി നീക്കി വയ്ക്കപ്പെട്ടു. പതിനൊന്നാം ബ്ലോക്കിൽ നേരത്തെ തന്നെ താമസിച്ചുവരുന്ന 121 പണിയ കുടുംബങ്ങൾക്ക് ആ ബ്ലോക്കിൽതന്നെ സ്ഥലം കൊടുക്കാമെന്ന് നിശ്ചയിക്കുകയും ചെയ്തു. പുനരധിവാസത്തിന് നിശ്ചയിക്കപ്പെട്ട ഭൂമിയിൽ മൂന്നിൽ രണ്ടുഭാഗം വയനാട് ജില്ലയിലെ ആദിവാസികൾക്ക് കൊടുക്കാമെന്ന് ധാരണയുണ്ടായിരുന്നതാണ്-ബാക്കി കണ്ണൂർ ജില്ലയിൽനിന്നുള്ളവർക്കും. നിശ്ചയിക്കപ്പെട്ട ഭൂമി വാസയോഗ്യമാക്കുന്നതി

# ആരും കുടിയിറങ്ങില്ല

**അഭിമുഖം/ എം. ഗീതാനന്ദൻ**


(ആദിവാസി ഗോത്രമഹാസഭാ നേതാവ്)

? ഫാമിൽ ഇപ്പോൾ നിലനില്ക്കുന്ന അരക്ഷിതാവസ്ഥയ്ക്ക് കാരണമെന്താണ്?

ഇപ്പോഴത്തെ സർക്കാരിന്റെ വികലമായ നയസമീപനങ്ങളാണ് അതിന്റെ പ്രധാന കാരണം. ഒന്നാംഘട്ട ഭൂമിവിതരണത്തിനുശേഷം, പട്ടയം ലഭിക്കാൻ സാദ്ധ്യതയുള്ള ആയിരത്തോളം കുടുംബങ്ങൾ ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ കുടിൽകെട്ടി താമസമാരംഭിച്ചു. അന്ന് ഞങ്ങൾ ഹൈക്കോടതിയിൽ പോവുകയും സംരക്ഷണം വാങ്ങിക്കുകയും ചെയ്തിരുന്നു. ഹൈക്കോടതി നിർദ്ദേശപ്രകാരം ജില്ലാഭരണാധികാരികൾ ഭൂമിക്ക് അർഹരായവരും അല്ലാത്തവരും ആരെന്ന് നിശ്ചയിക്കാനുള്ള പരിശോധനകൾ നടത്തി വരുന്നുണ്ടായിരുന്നു. അതിനിടയിലാണ് രണ്ടാംഘട്ട പട്ടയവിതരണത്തിന് ജില്ലാ ഭരണാധികാരികൾ പുതിയ ഒരു മാനദണ്ഡം ഉണ്ടാക്കിയിരിക്കുന്നത്. അതുപ്രകാരം 21 സെന്റിൽ താഴെ ഭൂമിയുള്ളവർക്കു മാത്രമേ ഭൂമി വിതരണം ചെയ്യുകയുള്ളൂ. ഇത് മുൻതീരുമാനങ്ങൾക്ക് വിരുദ്ധമാണ്. ഇപ്പോഴത്തെ മാനദണ്ഡപ്രകാരം അറുനൂറിനും എഴുനൂറിനും ഇടയിൽ ആദിവാസി കുടുംബങ്ങൾ കുടിയിറങ്ങേണ്ടിവരും. ഒരു ഭാഗത്ത് ഇത്തരമൊരു മാനദണ്ഡം പറയുമ്പോൾ മറുഭാഗത്ത് ഒരേക്കറിൽ കൂടുതൽ ഭൂമിയുള്ളവരെ ലിസ്റ്റിൽ തിരുകിക്കയറ്റാനുള്ള ശ്രമവും ഉണ്ടാകുന്നുണ്ട്. ഇപ്പോൾ പുറത്തിറക്കിയ ലിസ്റ്റിൽ 250 എണ്ണമെങ്കിലും ഇങ്ങനെ തിരുകിക്കയറ്റിയതാണെന്ന് തെളിഞ്ഞിട്ടുണ്ട്. അങ്ങനെ വരുമ്പോൾ ആരൊക്കെ പുറത്താകും, ആരൊക്കെ നിലനിർത്തപ്പെടും എന്ന കാര്യം വ്യക്തമല്ല.

?രാഷ്ട്രീയപാർട്ടികളുടെ സ്ഥാപിത താത്പര്യങ്ങൾ പ്രശ്നപരിഹാരത്തിന് തടസ്സമായി നില്ക്കുന്നുണ്ടോ?

ആദ്യമേതന്നെ ഫാം ആദിവാസികൾക്ക് ലഭിക്കരുത് എന്നതിനുവേണ്ടി പ്രവർത്തിച്ചിട്ടുള്ള രാഷ്ട്രീയപാർട്ടികൾ ഇപ്പോഴും സജീവമായി രംഗത്തുണ്ട്.



ഗീതാനന്ദൻ

തൊഴിലാളിയൂണിയനുകളും കോൺട്രാക്ടർമാരും ചെറുകിടക്കാരായ സമ്പന്ന വർഗ്ഗം കൂടിച്ചേർന്ന് ഈ ഭൂമി ആദിവാസികൾക്ക് ലഭിക്കാതിരിക്കാൻ കിണഞ്ഞു പരിശ്രമിക്കുന്നുണ്ട്. കരാറുകാരായും ഇടനിലക്കാരായും ഇപ്പോൾ അവരുണ്ടാക്കുന്ന കോടികൾ നിലച്ചുപോകുമെന്നതുകൊണ്ടാണിത്. സി.പി.എം. അടക്കമുള്ള രാഷ്ട്രീയപാർട്ടികളുടെ സ്ഥാപിതതാത്പര്യങ്ങൾ ആദിവാസിവിരുദ്ധമാണ്. ഫാം ഫാമായി നിലനിർത്തണമെന്ന ആവശ്യംപോലും ആദിവാസികൾക്കുവേണ്ടിയുള്ളതല്ല. ഇപ്പോഴുള്ള ഈ കരാറുപണികൾ കഴിയുന്നതോടെ ആറളം ഒരു ടൂറിസ്റ്റ്കേന്ദ്രമാക്കി മാറ്റാനും ശ്രമിച്ചെന്നു വരാം. സി.പി.എമ്മിന് ഫാമിന്റെ കാര്യത്തിൽ വളരെ വ്യക്തമായ സ്ഥാപിതതാത്പര്യങ്ങളുണ്ട്. സി.പി.എമ്മിന്റേത് എന്നപോലെ മറ്റ് രാഷ്ട്രീയപാർട്ടിയുടെയും അടിയന്തരപ്രാധാന്യമുള്ള വിഷയമായി ആദിവാസി പുനരധിവാസം വന്നിട്ടില്ല. ഒരു പൊതുസമൂഹം, ഭരിക്കുന്ന സർക്കാർ ആദിവാസികൾക്ക് ഇത്തരമൊരു വാഗ്ദാനം നല്കിയിട്ടുണ്ടായിരുന്നു. അതുകൊണ്ട് അത് മുഖ്യവിഷയമായി ചർച്ച ചെയ്യേണ്ടതുണ്ട് എന്ന് ഒരു രാഷ്ട്രീയപാർട്ടിയും കണക്കാക്കിയിട്ടില്ല.

? ആറളത്തെ ആദിവാസി പുനരധിവാസത്തിനുവേണ്ടി ആദിവാസി ഗോത്രമഹാസഭയ്ക്ക് മുന്നോട്ടുവയ്ക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണ്?

അരക്ഷിതാവസ്ഥ പരിഹരിച്ച് നിയമാനുസൃതം പട്ടയമേള നടത്തിക്കൊണ്ട് പുനരധിവാസപ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക. മുഴുവൻ ഭൂമിയും ആദിവാസികൾക്ക് നല്കുകയാണെങ്കിൽ മാത്രമേ കുടിയിറക്കുനടപടി തടയാൻ പറ്റൂ. കണ്ണൂർ ജില്ലയിൽനിന്ന് 6,000 ത്തോളം അപേക്ഷകളും വയനാടു ജില്ലയിൽനിന്ന് 2,000 ത്തോളം അപേക്ഷകളും ഉണ്ട്. ഇവയിൽ ഏറ്റവും കുറഞ്ഞത് 5,000 കുടുംബങ്ങൾക്കെങ്കിലും ഭൂമി നല്കണമെങ്കിൽ ഫാം മുഴുവൻ കൊടുക്കേണ്ടിവരും. ഒരു ഏക്കറിൽ താഴെ ഭൂമിയുള്ളവരെ ഭൂരഹിതരായി പരിഗണിക്കണം. പട്ടയം ലഭിച്ച 840 കുടുംബങ്ങൾക്ക് അടിയന്തരമായി അടിസ്ഥാനസൗകര്യങ്ങൾ ചെയ്തുകൊടുക്കണം.

? സംഘർഷസാദ്ധ്യത എത്രത്തോളമുണ്ട്?

ആദിവാസി ഗോത്രമഹാസഭയുടെ ഭാഗത്തുനിന്ന് അങ്ങനെയൊരു സംഘർഷത്തിന്റെ ആരംഭമുണ്ടാകാനിടയില്ല. സി.പി.എമ്മിന്റെ ഭാഗത്തുനിന്ന് അതിനുള്ള ശ്രമങ്ങൾ വളരെ ഉണ്ടായിട്ടുണ്ട്. ഇവിടെ സംഘർഷമുണ്ടാക്കി അതിൽനിന്ന് മുതലെടുക്കുക എന്നതാണ് അവരുടെ ലക്ഷ്യം. ഞങ്ങൾ പരമാവധി സംഘർഷം ഒഴിവാക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

? ബലം പ്രയോഗിച്ച് ഒരു കുടിയിറക്ക് ഉണ്ടായാൽ?

ആരും കുടിയിറങ്ങില്ല. അങ്ങനെയൊരു സാഹചര്യമുണ്ടാകുമെന്ന് കരുതുന്നില്ല. സംഘടിത രാഷ്ട്രീയപാർട്ടികളുടെ ഇടയിൽ ഒരു സമവായമുണ്ടാക്കി പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനാവുമെന്നാണ് ആദിവാസി ഗോത്രമഹാസഭ കരുതുന്നത്. ഞങ്ങളെ കുടിയിറക്കാൻ ഒരു ശക്തിക്കും കഴിയില്ല.

---

നുള്ള സൗകര്യങ്ങളും കാലതാമസം കൂടാതെ ചെയ്യുന്നതാണെന്ന് തീരുമാനമുണ്ടായിരുന്നു.

കരാറുണ്ടാക്കി രണ്ടു വർഷം കഴിഞ്ഞ് 2006 മാർച്ച് മൂന്നിനാണ് ഒന്നാംഘട്ട ഭൂമി വിതരണം നടക്കുന്നത്. കണ്ണൂർജില്ലയിൽനിന്നുള്ള 840 അപേക്ഷകർക്കാണ് ആദ്യഘട്ടം പട്ടയം വിതരണം ചെയ്തത്. ഉമ്മൻചാണ്ടി സർക്കാർ അധികാരത്തിൽനിന്നിറങ്ങുന്നതിന്റെ ഒന്നരമാസം മുമ്പാണിത്. ഇലക്ഷൻ പ്രഖ്യാപിച്ചിരുന്നതുകൊണ്ട് പട്ടയമേള നടത്താനാവില്ല എന്ന പ്രചാരണം വ്യാപകമായി ഉണ്ടായിരുന്നു. യഥാർത്ഥത്തിൽ അങ്ങനെയൊരു സാങ്കേതിക തടസ്സം ഉണ്ടായിരുന്നില്ല. ആ പേരിൽ പട്ടയമേള നടക്കാതിരിക്കാൻ ഇടയുണ്ടെന്നു മനസ്സിലാക്കി ആദിവാസി ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ ഫെബ്രുവരി 19 മുതൽ ആദിവാസികൾ ആറളത്ത് ക്യാമ്പു ചെയ്യുകയും ചെയ്തിരുന്നു. മാർച്ച് മൂന്നിന് പട്ടയവിതരണം നടത്തിയില്ലെങ്കിൽ ആദിവാസികൾ ഭൂമിയിൽ അവകാശം സ്ഥാപിക്കുമെന്ന സാഹച

ര്യവും നിലനില്പുണ്ടായിരുന്നു—അതും പട്ടയമേള നടത്താതിരിക്കാൻ വയ്യാത്ത സാഹചര്യം സംജാതമാക്കി.

ഒന്നാംഘട്ട ഭൂമി വിതരണത്തിൽ ഒട്ടേറെ പാകപ്പിഴകൾ വന്നതായി പിന്നീട് മനസ്സിലാക്കാൻ കഴിഞ്ഞു. കൃഷിയോഗ്യമായ സ്ഥലം കിട്ടാത്തവരും ചെങ്കല്ലു നിറഞ്ഞ ഭൂമി കിട്ടിയവരും തരിശുഭൂമി കിട്ടിയവരും അസംതൃപ്തരായി. പുനരധിവാസ പാക്കേജിൽപ്പെട്ട താത്കാലിക കുടിൽ കെട്ടാൻ 4,000 രൂപ, ഭവന നിർമ്മാണത്തിന് 75,000 രൂപ സ്വയം തൊഴിൽ കണ്ടെത്താനുള്ള പദ്ധതി, കുടിവെള്ള പദ്ധതി, വിദ്യാഭ്യാസസൗകര്യങ്ങൾ ഒന്നും ഇതുവരെയായിട്ടും ചെയ്തുകൊടുത്തിട്ടില്ല. താത്കാലിക കുടിൽ കെട്ടാൻ 2000 മുതൽ 3000 രൂപ വരെ ചിലർക്കു ലഭിച്ചിട്ടുണ്ടെന്നല്ലാതെ മറ്റു യാതൊരു സൗകര്യങ്ങളും അവർക്ക് ഇതുവരെയും നല്കിയിട്ടില്ല.

ഒന്നാം ഘട്ട ഭൂമി വിതരണം കഴിഞ്ഞ ശേഷമാണ് 2006 മെയ് ആദ്യവാരത്തിൽ ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ 1000ത്തോളം ആദിവാസി കുടുംബങ്ങൾ ഭൂമി കൈയേറി കുടിൽകെട്ടി താമസമാരംഭിച്ചത്. ഇവരെല്ലാം ഭൂമിക്ക് അർഹതയുള്ളവരാണെന്നാണ് ഗോത്രമഹാസഭയുടെ നേതാക്കൾ പറയുന്നത്. ട്രൈബൽ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിൽ കലക്ടറുടെ നേതൃത്വത്തിൽ രണ്ടാംഘട്ട ഭൂമി വിതരണത്തിനുവേണ്ടി അപേക്ഷ സ്വീകരിക്കുകയും നടപടികൾ എടുത്തു തുടങ്ങുകയും ചെയ്ത സാഹചര്യത്തിലായിരുന്നു ഈ കൈയേറ്റം. രണ്ടാം ഘട്ടത്തിനുവേണ്ടി 6500-ഓളം അപേക്ഷകരുണ്ടായി. സൂക്ഷ്മപരിശോധന കഴിഞ്ഞ് അതിൽ 2200 പേരുടെ ലിസ്റ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2007 മാർച്ച് മുപ്പതോടുകൂടി ഭൂമിവിതരണത്തിനുള്ള നടപടികളെടുത്ത് ഏപ്രിൽ ആദ്യവാരം പട്ടയം നല്കാമെന്ന് തീരുമാനിച്ചിരുന്നതാണ്. അർഹരായ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് സൗകര്യം ചെയ്തുകൊടുത്തുകൊണ്ട് അനധികൃതമായി ഭൂമി കൈയേറി താമസിക്കുന്ന ആദിവാസി ഗോത്രമഹാസഭ പ്രവർത്തകരോട് ഫാമിൽനിന്ന് ഒഴിഞ്ഞുപോകണമെന്ന് 2006 ജൂലൈയിൽ എൽ.ഡി.എഫ്. വിളിച്ചുകൂട്ടിയ ഒരു യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. ആരും ഒഴിഞ്ഞില്ലെന്നു മാത്രമല്ല കുറച്ചു മാസങ്ങൾക്കകം മറ്റൊരു ആദിവാസി സംഘടനയായ ആദിവാസി വിമോചന മുന്നണിയും ആറളത്ത് കുടിൽകെട്ടി താമസമാരംഭിച്ചു. ഇതിനിടെ അനധികൃതമായി താമസിക്കുന്ന ആദിവാസികളെ ഒഴിപ്പിക്കാതെതന്നെ അർഹരായവർക്ക് ഭൂമി നല്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശവും വന്നു.

2007 ഫെബ്രുവരി 15-ാം തീയതി സി.പി.എം. അനുകൂല ആദിവാസി സംഘടനയായ ആദിവാസി ക്ഷേമ സമിതിയുടെ 1000-ലധികം വരുന്ന പ്രവർത്തകർ കൂടി ആറളത്ത് കുടിൽകെട്ടി താമസമാരംഭിച്ചതോടെ ആറളം പുതിയ വഴിത്തിരിവിലെത്തി. ഫാമിലെ 7, 10 ബ്ലോക്കുകളിലാണ് എ.കെ.എസ്. കൈയേറ്റം നടത്തിയിരിക്കുന്നത്. ഫെബ്രുവരി 16-ാം തീയതി ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ കണ്ണൂരിൽ നടത്തിയ പത്രസമ്മേളനത്തിൽ ആറളം ഫാം കൈയേറിയവർ സ്വമേധയാ ഒഴിഞ്ഞുപോകണമെന്നും ആദിവാസി സംഘടനകൾ യോജിപ്പിലെത്തി സർക്കാരുമായി സഹകരിക്കണമെന്നും കൈയേറ്റങ്ങളെല്ലാം നിയമവിരുദ്ധമാണെന്നും പ്രസ്താവിച്ചു. ഗോത്രമഹാസഭയുടെ നീക്കങ്ങളാണ് പ്രശ്നം വഷളാക്കിയതെന്ന് മന്ത്രി ആരോപിക്കുകയും ചെയ്തു.

2007 മാർച്ച് 20-ന് ആദിവാസി ഗോത്രമഹാസഭ പ്രവർത്തകർ സി.കെ. ജാനു

**2007 ഫെബ്രുവരി 15-ാം തീയതി സി.പി.എം. അനുകൂല ആദിവാസി സംഘടനയായ ആദിവാസി ക്ഷേമ സമിതിയുടെ 1000-ലധികം വരുന്ന പ്രവർത്തകർ കൂടി ആറളത്ത് കുടിൽകെട്ടി താമസമാരംഭിച്ചതോടെ ആറളം പുതിയ വഴിത്തിരിവിലെത്തി. ഫാമിലെ 7, 10 ബ്ലോക്കുകളിലാണ് എ.കെ.എസ്. കൈയേറ്റം നടത്തിയിരിക്കുന്നത്. ഫെബ്രുവരി 16-ാം തീയതി ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ കണ്ണൂരിൽ നടത്തിയ പത്രസമ്മേളനത്തിൽ ആറളം ഫാം കൈയേറിയവർ സ്വമേധയാ ഒഴിഞ്ഞുപോകണമെന്നും ആദിവാസി സംഘടനകൾ യോജിപ്പിലെത്തി സർക്കാരുമായി സഹകരിക്കണമെന്നും കൈയേറ്റങ്ങളെല്ലാം നിയമവിരുദ്ധമാണെന്നും പ്രസ്താവിച്ചു.**



വിന്റെ നേതൃത്വത്തിൽ ന്യൂഡൽഹിയിലെ ജന്ദർമന്ദറിൽ 'കേരളത്തിന്റെ ആദിവാസിഭൂമിയായ ആറളത്ത് നന്ദിഗ്രാം ആവർത്തിക്കരുത്' എന്ന മുദ്രാവാക്യവുമായി ധർണ നടത്തി. ആറളത്ത് കൈയേറ്റം നടത്തിയ ആദിവാസികളെ ബലം പ്രയോഗിച്ച് നീക്കുന്നതിനുള്ള നീക്കത്തിൽ പ്രതിഷേധിച്ചായിരുന്നു ധർണ. ഇതേ ദിവസം, ആദിവാസികളുടെ ആറളം കൈയേറ്റത്തെക്കുറിച്ച് കേരള നിയമസഭയിൽ ചൂടേറിയ വാക്കേറ്റം നടക്കുകയും പ്രതിപക്ഷം സഭവിട്ട് ഇറങ്ങിപ്പോക്ക് നടത്തുകയും ചെയ്തു. എ.കെ.എസ്സിന്റെ നേതൃത്വത്തിൽ ആറളത്ത് കശുവണ്ടിയും തെങ്ങിൻതൈയും വ്യാപകമായ തോതിൽ മോഷണം നടത്തുന്നത് തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടു എന്ന് പ്രതിപക്ഷനേതാവ് പത്രസമ്മേളനത്തിൽ പറയുകയും ചെയ്തു. അതേ സമയം, ആറളത്ത് അനധികൃതമായി ഭൂമി കൈയേറി വിഭവക്കൊള്ള നടത്തുന്നത് ആദിവാസികളല്ലാത്തവരുടെ നേതൃത്വത്തിൽ ഗോത്രമഹാസഭയാണെന്നാണ് ആഭ്യന്തരമന്ത്രി കണ്ണൂരിൽ പത്രസമ്മേളനത്തിൽ പറഞ്ഞത്. ആരാണെങ്കിലും ആറളത്ത് വ്യാപകമായ തോതിൽ വിഭവക്കൊള്ള നടക്കുന്നുണ്ട് എന്നത് വാസ്തവമാണ്.

ആറളം ഫാം ഭൂമിയിൽ 2000 ആദിവാസികൾക്ക് പട്ടയം നല്കാൻ കലക്ടറുടെ സാന്നിധ്യത്തിൽ ചേർന്ന ജനകീയ കർമ്മസമിതിയോഗം തീരുമാനിച്ചതാണ് സർക്കാർ ഭാഗത്തുനിന്ന് ഏറ്റവും ഒടുവിൽ വന്ന പ്രഖ്യാപനം. 2007 മാർച്ച് 27-ാം തീയതിയാണ് കലക്ടർ ഇഷിതാ റോയ് പത്രസമ്മേളനത്തിൽ ഈ പ്രഖ്യാപനം നടത്തിയത്. തികച്ചും ഭൂരഹിതരായ 554 പേർക്ക് മുൻഗണന നല്കുമെന്നും 21 സെന്റു വരെ ഭൂമിയുള്ളവർ രണ്ടായിരം പേരിൽ ഉൾപ്പെടുമെന്നും അവർ പറഞ്ഞു.

ഈ പ്രഖ്യാപനത്തോടെ ആദിവാസി ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ 2006 മെയ് മാസത്തിൽ ഭൂമി കൈയേറിയ 1000 കുടുംബങ്ങളിൽ 600-നും 700-നും ഇടയ്ക്ക് വരുന്ന ആദിവാസി കുടുംബങ്ങൾ ആറളത്തുനിന്ന് ഒഴിഞ്ഞുപോകേണ്ടിവരും എന്ന് വ്യക്തമായി. സി.പി.എം. അനുകൂല സംഘടനയായ എ.കെ.എസ്സിനെ ഉപയോഗിച്ച് ആദിവാസി പുനരധിവാസശ്രമങ്ങളെ അട്ടിമറിക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ ആറളത്ത് നടക്കുന്നതെന്ന് ഗോത്രമഹാസഭ ആരോപിക്കുന്നു. ആറളത്ത് സ്വന്തം പാർട്ടിക്കാരെ തിരുകിക്കയറ്റാൻവേണ്ടി, ഒരേക്കറിൽ താഴെയുള്ള ആദിവാസികൾക്ക് ഭൂമി കൊടുക്കാമെന്ന മുൻസർക്കാരിന്റെ തീരുമാനത്തത്തിൽ സി.പി.എം. ഇപ്പോൾ വെള്ളം ചേർത്തിരിക്കയാണെന്നും

## ആവശ്യങ്ങൾ

| ആദിവാസി ഗോത്രമഹാസഭ | ആദിവാസി ക്ഷേമസമിതി |
|---|---|
| 1. കുടിയിറക്കുനടപടി നിർത്തിവയ്ക്കുക. | 1. അനർഹരായ ആദിവാസികൾ ഭൂമി വിട്ടൊഴിഞ്ഞ് ഭൂവിതരണത്തിന് സൗകര്യം ചെയ്യുക. |
| 2. എ.കെ.എസ്സിന്റെ നേതൃത്വത്തിൽ ഭൂമി കൈയേറിയ പുറത്തുനിന്നുള്ളവരെ ഒഴിപ്പിക്കുക. വിഭവകൊള്ള അവസാനിപ്പിക്കുക. | 2. ആദിവാസി ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ ഭൂമി കൈയേറിയ പുറത്തുനിന്നുള്ളവരെ ഒഴിപ്പിക്കുക. വിഭവകൊള്ള അവസാനിപ്പിക്കുക. |
| 3. ഫാം പൂർണ്ണമായി ആദിവാസി പുനരധിവാസത്തിന് ഉപയോഗിക്കുക. | 3. ഫാമിന്റെ പകുതി പൂർവസ്ഥിതിയിൽ നിർത്തുക. |
| 4. ഒരേക്കറിൽ താഴെ ഭൂമിയുള്ള ആദിവാസികളെ ഭൂരഹിതരായി പരിഗണിക്കുക. | 4. 21 സെന്റിന് മുകളിൽ ഭൂമിയുള്ളവരെ ഭൂരഹിതരായി പരിഗണിക്കാതിരിക്കുക. |
| 5. വയനാട് ജില്ലക്കാർക്കുകൂടി പട്ടയം നല്കുക. | 5. കണ്ണൂർ ജില്ലക്കാർക്കു മുൻഗണന കൊടുക്കുക. |
| 6. പട്ടയം ലഭിച്ച 840 കുടുംബങ്ങൾക്കു വാഗ്ദാനം ചെയ്യപ്പെട്ട സർക്കാർ സഹായങ്ങൾ ഉടനടി ചെയ്തു കൊടുക്കുക. | 6. ആദിവാസി ക്ഷേമത്തിനുവേണ്ടി സംസ്ഥാനമൊട്ടുക്കും വികസന പ്രവർത്തനങ്ങൾ നടത്തുക. |

ഗോത്രമഹാസഭയ്ക്ക് അഭിപ്രായമുണ്ട്. എന്തായാലും രണ്ടായിരം പേർക്കുകൂടി പട്ടയം നല്കുന്നതോടെ ആറളം ഫാമിൽ വാഗ്ദാനം ചെയ്യപ്പെട്ട 50% ഭൂമി പോലും ആദിവാസികൾക്ക് കിട്ടില്ല എന്ന സാഹചര്യമാണുള്ളത്. നേരത്തെ കൊടുത്ത 840 നു പുറമേ 2000 കൂടി കൊടുക്കുമ്പോഴും 2840 ഏക്കർ മാത്രമേ വിതരണം ചെയ്യുന്നുള്ളു എന്നു വരുന്നു.

ആരോപണ പ്രത്യാരോപണങ്ങൾ കൊണ്ടോ പത്രപ്രസ്താവനകൾ കൊണ്ടോ പരിഹരിക്കാനാവുന്നതല്ല ആറളത്തെ പ്രശ്നങ്ങൾ. ഭൂമിവിതരണത്തിൽ വന്നിരിക്കുന്ന ആശയക്കുഴപ്പം പരിഹരിക്കുകയാണ് അടിയന്തരമായി ചെയ്യേണ്ട കാര്യം. 21 സെന്റ് എന്ന മാനദണ്ഡം സ്വീകരിക്കുകയാണെങ്കിൽ ഇപ്പോൾ ഭൂമി കയ്യേറിയ ഭൂരിപക്ഷം പേരും പുറത്താകും എന്ന സ്ഥിതിയുണ്ട്. അങ്ങനെയെങ്കിൽ ബലം പ്രയോഗിച്ച് ആദിവാസികളെ ഒഴിപ്പിക്കേണ്ടിവരികയും ചെയ്യും. ഒരു കാരണവശാലും ഭൂമിയിൽനിന്ന് ആരും കുടിയിറങ്ങില്ലെന്നാണ് ഗോത്രമഹാസഭയുടെ നിലപാ



# ഓടിയ ഇടത്ത് പുല്ല് മുളക്കില്ല

**കെ.സി. കുഞ്ഞിരാമൻ എം.എൽ.എ.**


(ആദിവാസി ക്ഷേമസമിതി സംസ്ഥാന സെക്രട്ടറി)

? ആറളത്തെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

ആറളത്ത് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തുതന്നെ ഭൂമിവിതരണത്തിന്റെ കാര്യങ്ങൾ പൂർത്തിയായതാണ്. പക്ഷേ, അവരുണ്ടാക്കിയ ലിസ്റ്റ് രാഷ്ട്രീയപ്രേരിതമായിരുന്നു. ഭൂമി ഉള്ളവർക്കുതന്നെ വീണ്ടും ഭൂമി കൊടുക്കുന്ന പരിപാടിയായിരുന്നു അവരുടേത്. 2-3 ഏക്കറുള്ളവർക്കു പോലും വീണ്ടും ഭൂമി കിട്ടുന്ന സാഹചര്യം വന്നു. എൽ.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ അർഹതയുള്ളവർക്ക് ഭൂമി കൊടുക്കണമെന്ന തീരുമാനമുണ്ടായി. ജാനുവിന്റെ നേതൃത്വത്തിൽ അർഹതയില്ലാത്തവരും ആദിവാസികളല്ലാത്തവരും ഭൂമിയിൽ കുടിൽകെട്ടി താമസിക്കുന്നുണ്ടായിരുന്നു. അതിനെ നേരിടാൻ കഴിഞ്ഞ ഗവണ്മെന്റ് മുത്തങ്ങയിൽ സ്വീകരിച്ച നിലപാടല്ല എൽ.ഡി.എഫ്. സ്വീകരിച്ചത്. ഭൂമിയില്ലാത്ത യഥാർത്ഥ ആദിവാസികളെ ആദിവാസി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ പ്രവേശിപ്പിച്ചാണ് അനധികൃതമായ ഭൂമി കൈയേറ്റത്തെ നേരിട്ടത്. അപ്പോൾ സ്വാഭാവികമായും ഭൂമിയുള്ളവരും ഇല്ലാത്തവരും ആരൊക്കെയാണ് എന്ന് പരിശോധിക്കാൻ ഗവണ്മെന്റ് തീരുമാനിച്ചു. സർവകക്ഷിയോഗം വിളിച്ചുകൂട്ടി ഒരു സെന്റുപോലും ഭൂമിയില്ലാത്തവർക്ക് മുഖ്യപരിഗണന കൊടുത്തു. പിന്നെ 5 സെന്റ്, 10 സെന്റ് ക്രമത്തിൽ ലിസ്റ്റിട്ടു. ഊരുക്കൂട്ടങ്ങൾവഴി കാര്യങ്ങൾ നടത്താനും തീരുമാനിച്ചു. ഇതെല്ലാം ഈ സർക്കാർ വന്നതിനു ശേഷം നടപ്പാക്കിയിട്ടുള്ളതാണ്. ആദിവാസികൾക്കുവേണ്ടിയുള്ള വികസന പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള കുറെ നിർദ്ദേശങ്ങൾ ഞങ്ങൾ ഗവണ്മെന്റിന്റെ മുന്നിൽ വച്ചിട്ടുണ്ട്. ഗവണ്മെന്റ് ചെയ്യുന്ന നല്ല കാര്യങ്ങൾക്ക് പിന്തുണയും ഗവണ്മെന്റ് ചെയ്യുന്നില്ലെങ്കിൽ ചെയ്യിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രക്ഷോഭപരിപാടികളുമാണ് ഞങ്ങൾ ചെയ്യുന്നത്.

? ആറളത്തെ ഭൂമി മുഴുവൻ ആദിവാസികൾക്ക് കൊടുക്കണമെന്ന് ആദിവാസി ഗോത്രമഹാസഭ ആവശ്യപ്പെടുന്നുണ്ട്. എന്താണ് പ്രതികരണം?

എ.കെ.എസ്. അതിനോട് യോജിക്കുന്നില്ല. ആദിവാസികൾക്ക് ഭൂമി കൊടുത്താൽ അതുകൊണ്ടുമാത്രം അവർക്കു ജീവിക്കാനാവില്ല. ഭൂമിയിൽ അവര് പിടിച്ചുനില്ക്കണമെങ്കിൽ അവർക്ക് തൊഴിലവസരങ്ങൾ ഉണ്ടാകണം. ഇപ്പോഴത്തെ നിലയിൽ കശുവണ്ടി സീസൺ കഴിഞ്ഞാൽ ആദിവാസികൾ പട്ടിണി കിടക്കേണ്ടിവരും. സുഗന്ധഗിരി പ്രോജക്ടിൽ എന്താണ് സംഭവിച്ചത്. പ്രോജക്ട് പിരിച്ചുവിട്ട് ഭൂമി അവർക്ക് കൊടുത്തതോടെ അവർക്ക് വേറെ പണിയില്ലാതായി. ഇപ്പോഴവർക്ക് പട്ടിണിയാണ്. ആറളത്ത് ആ സ്ഥിതി ഉണ്ടാകാൻ പാടില്ല. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്, ആറളം ഫാം പകുതി നിലനിർത്തണമെന്ന്. ഫാം നിലനിർത്തി അവർക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നാണ് ക്ഷേമസമിതി ആവശ്യപ്പെടുന്നത്. ഗോത്രമഹാസഭയ്ക്ക് ഈ പ്രശ്നം തീരാൻ പാടില്ല. ഇത് ഒരു വിഷയമായി നിർത്തിയാൽ മാത്രമേ അവർക്ക് ആറളം കൊള്ളയടിക്കാൻ പറ്റൂ. അതുകൊണ്ടാണ് ഭൂമി മുഴുവൻ ആദിവാസികൾക്ക് കൊടുക്കണമെന്ന് അവര് പറയുന്നത്.



കെ.സി.കുഞ്ഞിരാമൻ

? ഗോത്രമഹാസഭയുടെ പ്രവർത്തനങ്ങളെക്കുറിച്ച് എന്താണഭിപ്രായം?

നിലപാടില്ലാത്ത ഒരു പ്രസ്ഥാനമാണ് ജാനുവിന്റേത്. ആന്റണിയുടെ കൂടെ നടന്ന് പറഞ്ഞു, ആദിവാസികൾക്ക് അഞ്ചേക്കർ ഭൂമി കൊടുക്കാമെന്ന് ഏറ്റിട്ടുണ്ടെന്ന്. അന്ന് ഞങ്ങൾ പറഞ്ഞു: ഇത് നടക്കാത്ത കാര്യമാണ്—അപ്രായോഗികമാണെന്ന്. പിന്നെ പറഞ്ഞു: വനംവകുപ്പാണ് കുറ്റക്കാരെന്ന്. പിന്നെയവർ ആന്റണിയെ തള്ളിപ്പറഞ്ഞു.

മുത്തങ്ങയിലെ വെടിവയ്പുകഴിഞ്ഞതോടെ ആദിവാസികൾ പൊതുസമൂഹത്തിൽ ഒറ്റപ്പെട്ടു. അന്ന് ആദിവാസികളെ സംരക്ഷിച്ച് പിടിച്ചുനിർത്തിയത് ആദിവാസി ക്ഷേമസമിതിയും സി.പി.എം. അടക്കമുള്ള ഇടതുപക്ഷ പാർട്ടികളുമാണ്. ജാനുവും ആന്റണിയുംകൂടി ഉണ്ടാക്കിയ കരാർ അഞ്ച് ഏക്കർ കൊടുക്കുമെന്നായിരുന്നല്ലോ. ഇപ്പോൾ അവര് അത് ഉപേക്ഷിച്ചില്ലേ. ഇത് നിലപാടിന്റെ പ്രശ്നമാണ്. ആദിവാസികളെ പൊതുസമൂഹത്തിനെതിരെ നിർത്തിയിട്ട് കാര്യമില്ല. ഒരു ശതമാനം മാത്രമുള്ള ആദിവാസികൾക്ക് ബാക്കിയുള്ള 95 ശതമാനത്തോട് ഏറ്റുമുട്ടി നില്ക്കാൻ കഴിയുകയില്ല. പൊതുസമൂഹത്തിന്റെ അംഗീകാരത്തോടുകൂടി മാത്രമേ ആദിവാസി വികസനം സാദ്ധ്യമാകുകയുള്ളൂ.

? എ.കെ.എസ്സിനെ മുൻനിർത്തി സി.പി.എം. അതിന്റെ രാഷ്ട്രീയ അജണ്ട നടപ്പിലാക്കുകയാണെന്ന് ചില പത്രങ്ങളിൽ വിമർശനമുണ്ടായി.

എന്താണ് സി.പി.എമ്മിന്റെ അജണ്ട? ആദിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്ന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുക എന്നതാണ് പാർട്ടിയുടെ ലക്ഷ്യം. ഇന്ത്യയിലെ വേറെയൊരു പാർട്ടിയും അതിന്റെ പാർട്ടി പരിപാടിയിൽ ആദിവാസികളുടെ ക്ഷേമത്തെപ്പറ്റി പറയുന്നില്ല. സി.പി.എമ്മിന്റെ പാർട്ടി പരിപാടിയിൽ അത് വ്യക്തമായി പറയുന്നുണ്ട്. അതിന് ആദിവാസികളെ പ്രാപ്തരാക്കുക. അതാണ് ലക്ഷ്യം. പൊതുസമൂഹത്തിൽനിന്ന് ആദിവാസികളെ അകറ്റാനുള്ള ശ്രമങ്ങളെയും ഞങ്ങൾ അതിശക്തമായി എതിർത്തിട്ടുണ്ട്.

? വയനാട്ടുകാരായ ആദിവാസികളോട് ആറളത്ത് വിവേചനം കാട്ടുന്നു എന്ന് പരാതി ഉയർന്നു കേൾക്കുന്നുണ്ട്.

പറിച്ചുനട്ടാൽ ആദിവാസികൾ മുളയ്ക്കില്ല. ആദിവാസികൾ പരമാവധി അവര് താമസിക്കുന്ന പ്രദേശത്തിനടുത്തു തന്നെ മാറ്റി പാർപ്പിച്ചാൽ നിലനില്ക്കും. വയനാട്ടിലുള്ള ആദിവാസികളെ കണ്ണൂര് കൊണ്ടുവന്നാൽ അവർക്ക് അതു ബുദ്ധിമുട്ടുണ്ടാക്കും. കിട്ടുമെങ്കിൽ അതാതു സ്ഥലത്ത് അവർക്ക് ഭൂമി കൊടുക്കണം. അതാണ് വേണ്ടത്.

? എന്താണ് ഇതിന്റെയൊക്കെ അന്ത്യം?

അർഹതപ്പെട്ട ആദിവാസികൾക്കു ഭൂമി കൊടുത്ത്, അവിടെ വീടുവയ്ക്കാനും കൃഷിയിറക്കാനുമുള്ള സാമ്പത്തികസഹായം കൊടുത്ത് ആദിവാസികളുടെ ജീവിതം ഭദ്രമാക്കാൻ കഴിയും. അനർഹരായ ആദിവാസികൾ ഒഴിഞ്ഞുപോകും. ആദിവാസിസംഘടനകളും, ജനപ്രതിനിധികളും, ഉദ്യോഗസ്ഥന്മാരും പങ്കെടുത്ത് ഉണ്ടാക്കിയ ഒരു പൊതുതീരുമാനമുണ്ട്. അത് പാലിക്കാത്തവരെ എല്ലാവരുംകൂടി കൈകാര്യം ചെയ്യും. ആദിവാസിക്ഷേമത്തെ തകർക്കാൻ കുതന്ത്രങ്ങളുപയോഗിക്കുന്നവരെ ആദിവാസികൾ നേരിടും. ഭൂമിയില്ലാത്ത യഥാർത്ഥ ആദിവാസികൾക്ക് ഭൂമി കിട്ടുകയും ചെയ്യും.

?ആറളത്ത് ഇരുവിഭാഗങ്ങളും തമ്മിൽ കായികമായ ഒരു സംഘട്ടനമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നവർ ഏറെയുണ്ട്.

ഒരു സംഘട്ടനവും ഉണ്ടാവില്ല. അനർഹരായ ആദിവാസികൾ ഓടിപ്പോവും. ഓടിയ ഇടത്ത് പുല്ല് മുളക്കില്ല. ■

**ഫാമിൽ വിവിധ ഗ്രൂപ്പുകളിലുള്ള ആദിവാസികൾ തമ്മിലുള്ള സംഘർഷങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യവും ഗൗരവമായി കണക്കിലെടുക്കേണ്ടതുണ്ട്. പ്രതിരോധ ക്യാമ്പുകൾ തകർത്തും, വായനശാല, സ്കൂൾ, ഓഫീസ് തുടങ്ങിയവ അക്രമിച്ചും പരസ്പരസംഘട്ടനം ചെറിയ തോതിൽ ഇവിടെ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ആദിവാസികളെ ജില്ല തിരിച്ച് കാണുന്നതാണ് മറ്റൊരു കാതലായ പ്രശ്നം. നേരത്തെ എടുത്ത തീരുമാനപ്രകാരം മൂന്നിൽ രണ്ടു ഭാഗം വായനാട്ടുകാർക്ക് എന്ന തീരുമാനവും ഇപ്പോൾ തകിടംമറിഞ്ഞിട്ടുണ്ട്.**



ട്. മൂന്നാർ ഒഴിപ്പിക്കലുകളുടെ പശ്ചാത്തലത്തിൽ ആദിവാസികളെ ആരെയും ഒഴിപ്പിക്കില്ല എന്ന് മന്ത്രി എ.കെ. ബാലൻ പറഞ്ഞത് ആറളത്തെ ആദിവാസികൾക്കും ബാധകമാണോയെന്ന് അറിയില്ല. എന്തായാലും ആറളത്ത് ഒരു കുടിയിറക്കുനടപടി വന്നാൽ അത് സർക്കാരിന് തലവേദനയുണ്ടാക്കും എന്നത് തീർച്ച.

ഫാം പൂർണ്ണമായി ആദിവാസികൾക്കു വിട്ടുകൊടുക്കണമെന്ന ഗോത്രമഹാസഭയുടെ പുതിയ ആവശ്യത്തിൽ സർക്കാർ എന്തു നിലപാടെടുക്കുമെന്ന് വ്യക്തമല്ല. ഫാമിന്റെ പകുതി പൂർവസ്ഥിതിയിൽ നിർത്തണമെന്ന കാര്യത്തിൽ എ.കെ.എസ്. ഉറച്ചുനില്ക്കുന്നുണ്ട്. തൊഴിലാളികളുടെയും ജീവനക്കാരുടെയും മറുപാതിയിൽ താമസിക്കുന്ന ആദിവാസികളുടെയും ക്ഷേമത്തിന് ഇത് അത്യന്താപേക്ഷിതമാണെന്ന് കെ.സി. കുഞ്ഞിരാമൻ എം.എൽ.എ. തറപ്പിച്ചു പറയുന്നു.

ആദിവാസികളുടെ പേരിൽ പുറത്തുനിന്നുള്ളവർ ഫാമിൽ കടന്നുകയറുകയും വിഭവകൊള്ള നടത്തുകയും ചെയ്യുന്നു എന്ന കാര്യത്തിൽ ജില്ലാ ഭരണാധികാരികളുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്. ഫാമിൽ വിവിധ ഗ്രൂപ്പുകളിലുള്ള ആദിവാസികൾ തമ്മിലുള്ള സംഘർഷങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യവും ഗൗരവമായി കണക്കിലെടുക്കേണ്ടതുണ്ട്. പ്രതിരോധ ക്യാമ്പുകൾ തകർത്തും, വായനശാല, സ്കൂൾ, ഓഫീസ് തുടങ്ങിയവ അക്രമിച്ചും പരസ്പരസംഘട്ടനം ചെറിയ തോതിൽ ഇവിടെ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ആദിവാസികളെ ജില്ല തിരിച്ച് കാണുന്നതാണ് മറ്റൊരു കാതലായ പ്രശ്നം. നേരത്തെ എടുത്ത തീരുമാനപ്രകാരം മൂന്നിൽ രണ്ടു ഭാഗം വായനാട്ടുകാർക്ക് എന്ന തീരുമാനവും ഇപ്പോൾ തകിടംമറിഞ്ഞിട്ടുണ്ട്. പട്ടയം ലഭിച്ചിട്ടുള്ള ആദിവാസികൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട അത്യാവശ്യ ജീവിതസൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യവും ഗൗരവശ്രദ്ധ അർഹിക്കുന്നുണ്ട്.

ആദിവാസികളുടെ ഇത്തരം കാര്യങ്ങൾപോലെതന്നെ ഇപ്പോൾ ഒരിടത്തുമല്ലാതെ കഴിയുന്ന ജീവനക്കാരുടെയും തൊഴിലാളികളുടെയും പ്രശ്നങ്ങൾക്കും അടിയന്തര പരിഹാരം ആവശ്യമുണ്ട്. ഫാം നിലനിർത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഏതെങ്കിലുമൊരു വകുപ്പിൽ പെടുത്തി തൊഴിലാളികളെയും ജീവനക്കാരെയും നിലനിർത്താവുന്നതേയുള്ളൂ. ഫാമിലെ അരക്ഷിതാവസ്ഥയും അരാജകത്വവും അവസാനിപ്പിച്ച് പ്രശ്നങ്ങൾക്ക് സത്വരപരിഹാരങ്ങൾ കണ്ടെത്തുവാൻ രാഷ്ട്രീയമായ സ്ഥാപിത താത്പര്യങ്ങൾ മാറ്റിവയ്ക്കേണ്ടി വന്നേക്കാം. പൊതുനന്മയ്ക്കുവേണ്ടി ത്യാഗങ്ങളും വേണ്ടി വന്നേക്കാം. ആറളത്ത് ഇപ്പോൾ മരുന്നു ഫലം ചെയ്യും; നാളെ ഓപ്പറേഷനുകൾ വേണ്ടിവരും.